**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3888**

**12.12.2018 ൽ മറുപടിക്ക്**

## പോലീസ് വകുപ്പിന്റെ ആധുനികവത്ക്കരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. ദിവാകരൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് വകുപ്പിന്റെ ആധുനികവത്ക്കരണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ? | പോലീസ് വകുപ്പിന്റെ ആധുനികവത്ക്കരണത്തിനായി ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>21.10.2017 ലെ സ.ഉ.(കൈ)നം.211/2017/ ആഭ്യന്തരം ഉത്തരവ് പ്രകാരം ക്രമസമാധാന പരിപാലനവും കേസന്വേഷണവും വേർതിരിക്കുന്നതിന്റെ ഭാഗമായി ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. വർദ്ധിച്ചു വരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും കാര്യക്ഷമമായ അന്വേഷണം ഉറപ്പുവരുത്തുന്നതിനുമായി നിലവിൽ തിരുവനന്തപുരത്ത് പ്രവർത്തിച്ചു വരുന്ന സൈബർ ക്രൈം പോലീസ് സ്റ്റേഷന് പുറമേ എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ സൈബർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് 17.04.2018 തീയതിയിലെ സ.ഉ. (കൈ) നം.68/2018/ ആഭ്യന്തരം ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |

സംസ്ഥാനത്തെ ട്രാഫിക് പോലീസ് സ്റ്റേഷനുകൾ നടത്തി വന്നിരുന്ന ട്രാഫിക് കേസുകളുടെ അന്വേഷണ ചുമതല ലോക്കൽ പോലീസ് സ്റ്റേഷനുകളിലേക്ക് മാറ്റി, ട്രാഫിക് യൂണിറ്റുകളും ട്രാഫിക് പോലീസ് സ്റ്റേഷനുകളും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി 14.07.2018 ലെ സ.ഉ. (കൈ) നം. 116/2018/ ആഭ്യന്തരം ഉത്തരവ് പ്രകാരം പുനർ നാമകരണം ചെയ്തിട്ടുണ്ട്.

സ്ത്രീകൾക്കെതിരെ കുറ്റകൃത്യങ്ങൾ തടയുവാൻ "പിങ്ക് പട്രോൾ" സംസ്ഥാനത്തെ കൊല്ലം റൂറൽ, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട് റൂറൽ , വയനാട് ഒഴികെയുള്ള എല്ലാ പോലീസ് ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്.ഇത്തരത്തിലെ വിവിധ പ്രവർത്തനങ്ങൾക്കായി നടപ്പ സാമ്പത്തിക വർഷം 170 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ആദ്യമായി ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിക്കുകയും ഇതിൽ ഒരു വനിതാ കമാൻഡോ പ്ലാറ്റൂണിന്റെ പരിശീലനം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ